**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **09-06-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരത്തെ തീരദേശങ്ങളിൽ കടൽക്ഷോഭത്തെ തുടർന്ന് സംഭവിച്ച നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭം മൂലം കേരളത്തിലെ തീരദേശത്ത് വ്യാപകമായ നാശനഷ്ടം ഉണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മഞ്ചേശ്വരം മണ്ഡലത്തിൽ കടൽ ക്ഷോഭം കാരണം വീടുകൾ നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ; | (ബി) | കടൽക്ഷോഭം കാരണം വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മാനദണ്ഡപ്രകാരമുള്ള ധനസഹായം വീടിന്റെ നഷ്ടശതമാനം കണക്കാക്കി ബന്ധപ്പെട്ട തഹസീൽദാർമുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 23.07.2015-ലെ സ.ഉ(കൈ)നം.343/2015/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം തീരശോഷണം (Coastal erosion) ഒരു സംസ്ഥാന സവിശേഷ ദുരന്തം (State Specific Local Disaster) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. അതോടൊപ്പം പ്രസ്തുത ദുരന്തത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും, വള്ളവും വലയും മറ്റും നഷ്ടപ്പെടുന്നവർക്കും പ്രസ്തുത മാനദണ്ഡ പ്രകാരമുള്ള ആശ്വാസ സഹായത്തിന് അർഹതയുണ്ട്. |
| (സി) | ഈ മണ്ഡലത്തിലെ കടൽ തീരങ്ങളിൽ കടൽ ക്ഷോഭം തടയുന്നതിനും തീര പ്രദേശത്തെ ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്തുന്നതിനും എന്തെങ്കിലും ശാശ്വത പരിഹാര മാർഗങ്ങൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ടി കടൽത്തീരത്തിന് അനുയോജ്യമായ തീര സംരക്ഷണ പ്രവൃത്തി വിഭാവനം ചെയ്യുന്നതിനുള്ള പഠനത്തിനായി നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച്(NCCR) ചെന്നൈ, എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് പ്രവൃത്തികൾ വിഭാവനം ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1500കോടി രൂപ തീരസംരക്ഷണ പാക്കേജിൽ ഉൾപ്പെടുത്തി അടിയന്തിര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാ ക്രമത്തിൽ |

| | | | |
|---|---|---|---|
| | | | കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ